# <u>കെ.പി.രാമനുണ്ണിയുടെ കഥ - ശസ്ത്രക്രിയ - പഠനക്കുറിപ്പ്</u>

ആർ.ദിലീപ്കൃഷ്ണൻ
ഹയർസെക്കന്ററി, മലയാളം
ഗവ.ഗേൾസ്ഹയർസെക്കന്ററിസ്ക്കൂൾ,
കായംകുളം

സമൂഹം എഴുതിവച്ചിട്ടുളളതും അല്ലാത്തുമായ വ്യവസ്ഥകൾക്കു പുറത്ത് ജൈവികമായ ചിലതുണ്ട്. അത്തരം ചില ചോദനകളിലേയ്ക്കാണ് കഥാകൃത്ത് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. അമ്മയും കുഞ്ഞും തമ്മിലുളള ബന്ധവും ഇത്തരം വ്യവസ്ഥാപിത അനുഷ്ഠാനങ്ങൾക്കു പുറത്താണ് അതിന്റെ സൗന്ദര്യവും ശക്തിയും നൈർമല്യവും പ്രദാനം ചെയ്യുന്നത്.

പ്രയോജനാപേക്ഷയുടെ പരിധിക്കുവെളിയിലാണ് അമ്മയും കുഞ്ഞും തമ്മിലുളള ബന്ധം. കുഞ്ഞിനെ തട്ടിയെടുത്ത പൂതത്തിന് മുന്നിൽ സ്വന്തം കണ്ണുകൾ ചൂഴ്ന്നെടുത്ത് പുലരിചെന്താമരപോലെ സമർപ്പിച്ച പഴയ പൂതപ്പാട്ടിലെ അമ്മയെ നോക്കുക. സ്വന്തം കണ്ണുകളേക്കാൾ വലിയതാണ് തന്റെ പോന്നോമനയെന്ന വലിയ പാഠത്തിനു മുന്നിലാണ് പൂതം പതറുകയും പരാജയപ്പെടുകയും ചെയ്യുന്നത്. പ്രയോജനാപേക്ഷയുടെ കരടില്ലാതെ വിനിമയം ചെയ്യപ്പെടുന്ന ചോദനയാണ് അമ്മയേയും കുഞ്ഞിനേയും അദൃശ്യമായ ചരടിൽ ബന്ധിപ്പിച്ചു നിർത്തുന്നത്. ശസ്ത്രക്രിയ എന്ന കഥയിലേയ്ക്ക് വരുക. ഇവിടെ അമ്മയുടെ വാൽസല്യം മകനിലേയ്ക്ക് നിറഞ്ഞൊഴുകുന്ന കാലവും പശ്ചാത്തലവുമാണ് കഥയെ പുതിയൊരനുഭവതലത്തിലെത്തിക്കുന്നത്. ചെറുപ്പത്തിലെ വിധവയാകാൻ വിധിക്കപ്പെട്ടിട്ടും ശക്തിയും തന്റേടവും കൈവിടാതിരുന്ന അമ്മ വാൽസല്യത്തെ ഒരു ചെറുചിരിയിലും നോക്കിലും ഒതുക്കിനിർത്തി കരുതലുകളുടെ പുതപ്പിനാലാണവന്റെ ബാല്യത്തെ ഒരുക്കിയെടുത്തത്. ഗർഭപാത്രം നിക്കംചെയ്യാനുളള ഡോക്ടർമാരുടെ തീരുമാനത്തിനുശേഷമാണ് ഏറെ വർഷങ്ങൾക്കുശേഷം അമ്മയുടെ പരിചിതഗന്ധങ്ങളിലേക്ക് മകൻ തിരിച്ചെത്തുന്നത്. വയസ്സൻ മകനെ തൊട്ടുംപിടിച്ചും തന്നിലേയ്ക്ക് ചേർത്തുനിർത്തുന്ന അമ്മയിലെ വ്യതിയാനം കേവലമായ കൗതുകത്തിനുമപ്പുറം ഉൾക്കണ്ഠകളിലേയ്ക്ക് വളരുമ്പോഴാണ് കഥ പുതിയ മാനങ്ങൾ തേടുന്നത്. മരുമകളുടെ സമ്മതം വാങ്ങി മകനെ തനിക്കൊപ്പം

ഉറങ്ങാൻ ക്ഷണിക്കുന്ന അമ്മ മകനെ ശൈശവത്തിന്റെ നിഷ്കളങ്കതയിലേയ്ക്കാണ് കൂട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്നത്. അമ്മയോടൊപ്പം പറ്റിച്ചേർന്ന് കിടക്കവേ തന്റെ വയസ്സൻ മുടിയിഴകളിൽ താളമിട്ട ആലിൻവേടുപോലെ ശുഷ്ക്കമായ വിരലുകൾ അയാളെ ഭൂതകാലത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നു. മരുമകൾ സംശയിക്കുന്നതുപോലെ ഇവിടെ അമ്മയുടെ മരണഭീതിയല്ല ഇത്തരം ചിത്തവൃത്തികൾക്ക് നിദാനം. ഓപ്പറേഷൻ ദിനങ്ങളുടുക്കുംതോറും അമ്മ കൂടുതൽ പ്രസന്നവദിയാകുന്നത് മകൻ തിരിച്ചറിയുന്നുമുണ്ട്. അമ്മയുടെ മടിയിൽ മകൻ തലചായ്ച്ച് കിടക്കവേ ഭൂതകാലത്തെ പുനർസൃഷ്ടിച്ച് അതിനുളളിലെ ലോകത്ത് കഴിയാൻ അമ്മ ആഗ്രഹിക്കുന്നു.

മനശാസ്ത്രചിന്താപദ്ധതികളുടെ വെളിച്ചത്തിൽ നമുക്ക് ഈ കഥയെ സമീപിക്കാൻ കഴിയും. നിശ്ചയിക്കപ്പെട്ട ശസ്ത്രക്രിയ ഇരുവരിലും സൃഷ്ടിക്കുന്ന അനുഭവ തലങ്ങൽ വ്യത്യസ്തമാണ്. അമ്മയുടെ സുരക്ഷ സംബന്ധിച്ച മകന്റെ ഉത്ക്കണ്ഠ ഇവിടെ പകരുന്നത് മരുമകളിലേയ്ക്ക് മാത്രമാണ്. ആധിയോമരണഭയമോ മറ്റ് ഭയാശങ്കകളോ അല്ല ഇവിയെയുളളത്. സർജിക്കലായ ഉളളടക്കമല്ല അതിനുളളത്. ഇതിഹാസത്തിലെ മുലയരിയപ്പെട്ട ശൂർപ്പണഖയുടെ വ്യസനവുമായതിനെ ചേർത്തുവയ്ക്കാം. മകനിൽ നിന്ന് അമ്മയെ അറുത്തുമാറ്റുന്നപൊക്കിൾകൊടിയുടെ വിച്ഛേദം തന്നെയാണത്. മകൻ കിടന്ന ഗർഭപാത്രമാണ് ഏതാനും ദിവസങ്ങൾക്കുളളിൽ അറുത്തുമാറ്റപ്പെടാൻ പോകുന്നതെന്ന തിരിച്ചറിവിലാണവരിൽ വ്യതിയാനങ്ങൽ രൂപപ്പെടുന്നത്. ഏതെങ്കിലുമൊരാന്തരികാവയവത്തിന്റെ നഷ്ടമല്ലത്.

ഒരമ്മയുടെ നിരുപാധിക സ്നേഹത്തിന്റെ പ്രതീകമാണ് ഗർഭപാത്രം. അതിന്റെ അവകാശിയാണയാൾ. അതിനാലാകണം ഒരു സെഡേഷനും തളർത്താനാകാതെ അത് നിക്കം ചെയ്യാനുളള അവകാശം തന്റെ മകനു മാത്രമേയുളളൂവെന്ന് അവർ നിർബന്ധം പിടിക്കുന്നത്. ഒരിക്കൽ മകന്റെ കൈകൾ അമ്മ തന്റെ മാറത്തടക്കിപിടിക്കുന്നത് കാണുന്ന അയ്യാളുടെ ഭാര്യ അടുത്തമുറിയിലേക്കോടിചെന്ന് തന്റെ കൊച്ചുമകന്റെ കൈകൾ കൂട്ടിപ്പിടിച്ച് കണ്ണീർ വാർക്കുന്ന ഒരു ഭാഗമുണ്ട്. അമ്മയിൽ രൂപപ്പെടുകയും മരുമകളിലേയ്ക്ക് പകരുകയും ചെയ്യുന്ന വികാരമാണത്. കഥാകൃത്ത് വിവരിക്കുന്നത് നോക്കുക. ചുരുങ്ങിയ സമയത്തി

നുളളിൽ ഓപ്പറേഷൻ ടേബിളിന്റെ താഴെവച്ച തൊട്ടിയിൽ രക്തംപുരണ്ട ആ അവയവം മുറിഞ്ഞുവീണു. - പതിനൊന്നു തുന്നലുകൾക്ക് മറയ്ക്കാൻ കഴിയുന്നതല്ല ആ പാടുകൾ. ആ കലകൾ വർത്തമാനത്തിൽ നിന്ന് ഭൂതകാലത്തേയ്ക്കുളള വഴികളെപ്പറ്റി അമ്മയേയും മകനേയും ഓർമ്മപ്പെടുത്തുവാൻ ശക്തമാണ്. സെഡേഷനിൽ നിന്ന് മുക്തയായി കണ്ണുകൾ തുറക്കുന്ന അമ്മയുടെ നോട്ടം നോക്കുക. നൊന്ത് പ്രസവിച്ച കുഞ്ഞിനെ നിർവ്യതിയോടെനോക്കിക്കിടക്കുന്ന അമ്മയുടേത് പോലെ തോന്നിപ്പിക്കുന്നതായിരുന്നു അത്. മാതൃസ്നേഹത്തിന്റെ ദീപ്തഭാവങ്ങളെ പ്രകടമാക്കുന്ന മനശ്സ്ത്രചിന്താപദ്ധതികളുടെ വെളിച്ചതിന്റെ വിലയിരുത്താവുന്ന മികച്ചകഥതന്നെയാണ് ശസ്ത്രക്രിയ.